I/74395/2022

**തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം– തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ– നീലംപേരൂർ ഗ്രാമപഞ്ചായത്ത്- ഗ്രൂപ്പ് I ഗണത്തിൽപ്പെടുന്ന എം.സാൻഡ് നിർമ്മാണ യൂണിറ്റ് & ടോയ്‌ലറ്റ് ബ്ലോക്ക് ക്രമവത്ക്കരിക്കുന്നതിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം– 1) ഈ കാര്യാലയത്തിലെ 12.02.2020-ലെ TCPALP/58/2020-C/കെ.ഡിസ് നമ്പർ ലേ ഔട്ട് ഉത്തരവ്
2) നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.06.2022, 15.09.2022 എന്നീ തീയതികളിലെ യഥാക്രമം SC2-323/2022, 400424/BRHZ01/GPO/2022/ 323/(7) നമ്പർ കത്തുകൾ.
3) ശ്രീ സിബി തോമസ് & ശ്രീമതി ഷീബ സിബി, മരിയ സിബി, കുളങ്ങര (H), ചിങ്ങവനം, കോട്ടയം – 686 531 എന്നിവരുടെ 19.10.2022-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPALP/1341/2022-C/കെ.ഡിസ് തീയതി : 08-11-2022**

സൂചന (2), (3) എന്നിവ പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ, വസ്തുവിന്റെ വിസ്തീർണ്ണം, നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ആകെ കെട്ടിടങ്ങളുടെ വിസ്തീർണ്ണം എന്നിവയിൽ വ്യത്യാസം വന്നിട്ടുള്ളതിനാൽ, സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നൽകിയ ആലപ്പുഴ ജില്ലാ ടൗൺ പ്ലാനറുടെ 12.02.2020-ലെ TCPALP/58/2020-C/K.Dis. നമ്പർ ലേ ഔട്ട് ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആലപ്പുഴ ജില്ല, കുട്ടനാട് താലൂക്ക്, നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ, നീലം പേരൂർ വില്ലേജ്, റീ സർവ്വേ നമ്പർ: 186/1, 189/1 എന്നിവയിൽ ഉൾപ്പെട്ട 6 ഹെക്ടർ, 54 ആർ 30 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള 508.38 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പുറമെ നിർമ്മിച്ച, ഗ്രൂപ്പ് "I" ഗണത്തിൽപ്പെടുന്ന 691.91 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള എം.സാൻഡ് നിർമ്മാണ യൂണിറ്റ് & ടോയ്‌ലറ്റ് ബ്ലോക്ക് (ആകെ വിസ്തീർണ്ണം: 1200.29 ചതുരശ്ര മീറ്റർ, കവറേജ്: 1.80%, എഫ് എസ് ഐ: 0.02) എന്നിവ ക്രമവത്ക്കരിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി KPBR 2019, ചട്ടം 5(6), 30 എന്നിവ പ്രകാരം ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം പുതുക്കി നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ:

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. നിർദ്ദിഷ്ട വസ്തുവിനുള്ളിലുള്ള 55 ആർ, 50 ചതുരശ്ര മീറ്റർ ഭൂമി അപേക്ഷകന്റെ ഉടമസ്ഥതയിൽ ഉള്ളതല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തിയിരിക്കണം.

3. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
6. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
7. KPBR-2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. KPBR-2019 ചട്ടം 5(4) ക്രമനമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
9. KPBR-2019 ചട്ടം 5(4) ക്രമനമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിക്കണം.
10. KPBR 2019 ചട്ടം 79(6) പ്രകാരം പ്രസ്തുത പ്ലോട്ടിൽ ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്നും പാഴ്ജലം പുനർചംക്രമണം ചെയ്യുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
11. പ്രസ്തുത നിർമ്മാണം KPBR-2019 ലെ ചട്ടങ്ങൾക്കും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 19/2022

Signed by
Joseph K F
Date: 08-11-2022 12:57:23

**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത് (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് :

1. ശ്രീ സിബി തോമസ്, ശ്രീമതി ഷീബ സിബി, മരിയ സിബി
   കളങ്ങര (H), ചിങ്ങവനം, കോട്ടയം - 686 531.

2. ഓഫീസ് കോപ്പി, 3. കരുതൽ ഫയൽ.